(സി) സാമൂഹ്യവിരുദ്ധ പ്രവർത്തനവും കൂലിത്തല്ലും നടത്തുന്ന സ്ഥിരം കുറ്റവാളികൾ ഒറ്റയ്ക്കും, കൂട്ടായും നടത്തിയ അക്രമങ്ങൾക്ക് 168 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള ആക്രമണത്തിൽ 11 പേർ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) 4737 വാഹനമോഷണങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ 1691 വാഹനങ്ങൾ കണ്ടെടുത്തിട്ടുണ്ട്.

(ഇ) 18,005 കേസുകൾ.

(എഫ്) ആരും മരണപ്പെട്ടിട്ടില്ല. 120 വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട്.

(ജി) പോലീസ് പത്രപ്രവർത്തകർക്കുനേരെ അതിക്രമം നടത്തിയതായി ആരോപിക്കപ്പെട്ട ഒരു സംഭവം ഉണ്ടായിട്ടുണ്ട്.

(എച്ച്) വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ഐ) പോലീസ് അതിക്രമങ്ങൾ ആരോപിക്കപ്പെട്ട 468 പരാതികൾ ലഭിച്ചിട്ടുണ്ട്. 217 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 150 പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

കടബാദ്ധ്യതയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങൾ

77 [78] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതേ കാലയളവിൽ എത്ര കുടുംബങ്ങൾ കൂട്ട ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതിൽ സാമ്പത്തിക പ്രയാസവും ബാങ്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലം ആത്മഹത്യ ചെയ്തവരെത്ര; ഇതേ കാലയളവിൽ മറ്റ് കടബാദ്ധ്യതയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങൾ എത്ര;

(ഡി) കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങളുടെ കടബാദ്ധ്യത എഴുതിത്തള്ളുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 25,286 പേർ.

(ബി) 79 കുടുംബങ്ങൾ, കൂടാതെ ഒരു കുടുംബത്തിലെ രണ്ടുപേർ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ സാമ്പത്തിക പ്രയാസവും ബാങ്ക്‌ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലവും 801 പേരും മറ്റ് കടബാദ്ധ്യതകൾ മൂലം 70 പേരും ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

ദേവാലയങ്ങളിൽ നടന്ന മോഷണങ്ങൾ

78 [79] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര ദേവാലയങ്ങളിൽ മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) അമ്പലങ്ങളിലും, കൃസ്ത്യൻ, മുസ്ലീം ദേവാലയങ്ങളിലുമായി എത്ര മോഷണങ്ങൾ നടന്നുവെന്നും ഇവയുടെ ജില്ല തിരിച്ചുള്ള കണക്കും വെളിപ്പെടുത്തുമോ;

(സി) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) അന്വേഷണത്തെത്തുടർന്ന് ഏതെല്ലാം ദേവാലയങ്ങളിലെ മോഷണ വസ്തുക്കളാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 850 ദേവാലയങ്ങളിൽ മോഷണം നടന്നതായി അറിവായിട്ടുണ്ട്.

(ബി) മോഷണങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 850 കേസുകൾ.

(ഡി) 184 ദേവാലയങ്ങളിലെ മോഷണ വസ്തുക്കൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

വാഹന മോഷണം

79 [80] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ വാഹന മോഷണം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly